15.06.25 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 30–11–05

# സമയത്തിന്റെ സമീപതയ്ക്കനുസരിച്ച് സ്വയത്തെ പരിധിയുള്ള ബന്ധനങ്ങളിൽ നിന്ന് മുക്തമാക്കി സമ്പന്നവും സമാനവും ആകൂ.

ഇന്ന് നാനാഭാഗത്തുള്ള സമ്പൂർണ്ണവും സമാനവുമായ കുട്ടികളെയാണ് കാണുന്നത്. സമാനാരായ കുട്ടികളാണ് ബാബയുടെ ഹൃദയത്തിലിരിക്കുന്നത്. സമനാരായ കുട്ടികളുടെ വിഷേതയാണ് അവർ സദാ നിർവിഘ്നവും, നിർവികല്പവും, നിർമാനവും നിർമ്മലവും ആയിരിക്കും. അങ്ങനെയുള്ള ആത്മാക്കൾ സദാ സ്വതന്ത്രരായിരിക്കും, ഒരു വിധത്തിലുള്ള പരിധിയുള്ള ബന്ധനത്തിൽ ബന്ധിതരാകില്ല. അങ്ങനെയുള്ള പരിധിയില്ലാത്ത സ്വതന്ത്ര ആത്മാവായോ എന്ന് സ്വയത്തിനോട് ചോദിക്കണം! ഏറ്റവും ആദ്യത്തെ സ്വതന്ത്രതയാണ് ദേഹാഭിമാനത്തിൽ നിന്നുള്ള സ്വാതന്ത്ര്യം. ആവശ്യം വരുമ്പോൾ ദേഹത്തിന്റെ ആധാരം എടുക്കുകയും അല്ലാത്തപ്പോൾ ദേഹത്തിൽ നിന്ന് വേറിട്ടിരിക്കുകയും ചെയ്യണം.ദേഹത്തിന്റെ ആകർഷണത്തിലേക്ക് വരരുത്. രണ്ടാമത്തെ കാര്യമാണ് സ്വതന്ത്ര ആത്മാവ് പഴയ സ്വഭാവ സംസ്ക്കാരത്തിന്റെയൊന്നും ബന്ധനം ഇല്ല. പഴയ സ്വഭാവ സംസ്ക്കാരത്തിൽ നിന്ന് മുക്തമായിരിക്കും. ഒരു ദേഹധാരി ആത്മാക്കളുടെയും സംബന്ധ സമ്പർക്കത്തിൽ ആകർഷിതരാകില്ല. സംബന്ധ സമ്പർക്കത്തിൽ വരുമ്പോൾ വേറിട്ടവരും പ്രീയപെട്ടവരുമായിരിക്കും. സ്വയത്തെ പരിശോധിക്കണം ഏതെങ്കിലും ചെറിയ കർമ്മേന്ദ്രിയം പോലും ബന്ധനത്തിൽ ബന്ധിക്കുന്നില്ലല്ലോ? തന്റെ സ്വമാനം ഓർമ്മിക്കൂ മാസ്റ്റർ സർവ്വ ശക്തിവാൻ, ത്രികാലദർശി, ത്രിനേത്രി, സ്വദർശന ചക്രധാരി, ഈ സ്വമാനത്തിന്റെ ആധാരത്തിൽ സർവ്വ ശക്തിവാന്റെ കുട്ടികളെ ഏതെങ്കിലും കർമ്മേന്ദ്രിയങ്ങൾക്ക് ആകർഷിക്കാൻ കഴിയുമോ? സമയത്തിന്റെ സമീപതയ്ക്കൊപ്പം സ്വയം സർവ്വ ബന്ധങ്ങളിൽ നിന്നും മുക്തമാകാൻ കഴിയുന്നുണ്ടോ എന്ന് നോക്കണം. ബന്ധങ്ങൾ ഒന്നും ബാക്കി ഇല്ലല്ലോ? അന്തിമ പേപ്പറിൽ ഒന്നാമതെത്തുന്നതിനുള്ള പ്രത്യക്ഷ തെളിവാണ് മനസ്സിനെയും ബുദ്ധിയെയും സെക്കന്റിൽ എവിടെ എങ്ങനെ വയ്ക്കുന്നോ അതുപോലെ ഇരിക്കണം. ചഞ്ചലമാകരുത്. സ്തൂല ശരീരം കൊണ്ട് ആഗ്രഹിക്കുന്നിടത്ത് പോകാൻ സാധിക്കുന്നത് പോലെ, ബുദ്ധി കൊണ്ട് ആഗ്രഹിക്കുന്ന സ്ഥിതിയിൽ സ്ഥിതി ചെയ്യാൻ സാധിക്കുന്നുണ്ടോ? സയൻസ് ലൈറ്റ് ഹൗസ് മൈറ്റ് ഹൗസ് ഉണ്ടാക്കി, സ്വിച്ചിടുമ്പോൾ സെക്കന്റിൽ ലൈറ്റ് ഹൗസ് നാനാഭാഗത്തും പ്രകാശം പരത്തുന്നു, മൈറ്റ് കൊടുക്കുന്നു. അതുപോലെ നിങ്ങളും സ്മൃതിയുടെ സ്വിച് ഓൺ ചെയ്യുമ്പോൾ ലൈറ്റ് ഹൗസും മൈറ്റ് ഹൗസും ആയി ആത്മാക്കൾക്ക് ലൈറ്റും മൈറ്റും കൊടുക്കാൻ കഴിയുന്നുണ്ടോ? അശരീരി ആകാൻ ഓർഡർ ലഭിച്ചാൽ ഒരു സെക്കൻഡിൽ ആകുമോ, അതോ യുദ്ധം ചെയ്യേണ്ടി വരുമോ? ഈ വളരെ കാലമായുള്ള അഭ്യാസം അന്തിമത്തിൽ സഹയോഗി ആകും. വളരെ കാലമായുള്ള അഭ്യാസം ഇല്ലെങ്കിൽ ആ സമയത്ത് അശരീരി ആകാൻ പരിശ്രമിക്കേണ്ടി വരും, ബാപ്ദാദ അതുകൊണ്ടു ഈ സൂചനയാണ് തരുന്നത് മുഴുവൻ ദിവസവും കർമ്മം ചെയ്യുമ്പോഴും ഇടയ്കിടയ്ക്ക് ഈ അഭ്യാസം ചെയ്തു കൊണ്ടിരിക്കണം. ഇതിനായി മനസ്സിന്റെ നിയന്ത്രണ ശക്തി ആവശ്യമാണ്. മനസ്സ് നിയന്ത്രണത്തിൽ വന്നാൽ ഒരു കർമ്മേന്ദ്രിങ്ങൾക്കും വശപ്പെടുത്താൻ കഴിയില്ല.

ഇപ്പോൾ സർവ്വ ആത്മാക്കൾക്കും നിങ്ങളിലൂടെ ശക്തിയുടെ വരദാനം വേണം. മാസ്റ്റർ സർവ്വശക്തിവാൻ ആത്മാക്കളിൽ നിന്ന് ആത്മാക്കളുടെ ശുഭ ആഗ്രഹമാണ് പരിശ്രമം കൂടാതെ വരദാനമായി, ദൃഷ്ടിയിലൂടെ വൈബ്രേഷനിലൂടെ ഞങ്ങളെ മുക്തമാക്കൂ. ഇപ്പോൾ എല്ലാവരും പരിശ്രമിച്ച് തളർന്ന് പോയി. നിങ്ങൾ എല്ലാവരും പരിശ്രമത്തിൽ നിന്ന് മുക്തമായി മാറിയില്ലേ. അതോ ഇപ്പോഴും പരിശ്രമം വേണ്ടി വരുന്നുണ്ടോ? പരിശ്രമത്തിൽ നിന്ന് മുക്തരാകുന്നതിനുള്ള സഹജ സാധനമാണ് ഹൃദയം കൊണ്ട് ബാബയുടെ അതീവസ്നേഹി ആകണം. ബ്രാഹ്മണ ആത്മാക്കളായ നിങ്ങളുടെ ജന്മനാ ഉള്ള പ്രതിജ്ഞയാണ്, പ്രതിജ്ഞ ഓർമ്മയുണ്ടോ? ബാബ സ്വന്തമാക്കി, ബ്രാഹ്മണ ജീവിതം തന്നപ്പോൾ ബ്രാഹ്മണ ജീവിതത്തിൽ നിങ്ങൾ എല്ലാവരുടെയും പ്രതിജ്ഞ എന്താണ്? ഒരു ബാബയല്ലാതെ രണ്ടാമതാരും ഇല്ല. പ്രതിജ്ഞ ഓർമ്മയുണ്ടോ? ഓർമ്മയുണ്ടെങ്കിൽ തലയാട്ടൂ. ശരി കൈ ഉയർത്തുന്നുണ്ട്. ഉറപ്പായും ഓർമ്മയുണ്ടോ അതോ ഇടയ്ക്കൊക്കെ മറന്ന് പോകുന്നുണ്ടോ? 63 ജന്മങ്ങൾ മറക്കുന്നവരായി, ഇപ്പോൾ ഈ ഒരു ജന്മം സ്മൃതി സ്വരൂപം ആയി. അതിനാൽ ബാബ കുട്ടികളോട് ചോദിക്കുന്നു ചെറുപ്പത്തിലെ പ്രതിജ്ഞ ഓർമ്മയുണ്ടോ? എത്ര സഹജമാക്കി തന്നു മുഴുവൻ ലോകവും ഒരു ബാബയായി. സർവ്വ സംബന്ധവും ഒരു ബാബയുമായിട്ട്. സർവ്വ പ്രാപ്തികളും ഒരു ബാബയിൽ നിന്ന്. പഠിപ്പിക്കുന്നതും പാലന തരുന്നതും ഒരാളാണ്. സർവ്വതും ഒരാളിൽ ആണ്. കുടുംബവും ഉണ്ട് ഈശ്വരീയ കുടുംബമാണ് എന്നാൽ ഒരു ബാബയുടെ കുടുംബമാണ്. വെവ്വേറെ അച്ഛന്മാരുടെ കുടുംബം അല്ല. ഒരു കുടുംബമാണ്. കുടുംബത്തിൽ പരസ്പരം ആത്മീയ സ്നേഹം ഉണ്ട്, വെറും സ്നേഹം അല്ല ആത്മീയ സ്നേഹമാണ്. ബാപ്ദാദ ജന്മനാ ഉള്ള പ്രതിജ്ഞയാണ് ഓർമ്മിപ്പിക്കുന്നത്, ഏത് പ്രതിജ്ഞയാണ് ചെയ്തത്? എല്ലാവരും വളരെ ഉത്സാഹത്തോടെ ബാബയുടെ

മുന്നിൽ ഹൃദയപൂർവ്വം പറഞ്ഞു സർവ്വതും അങ്ങയുടേതാണ്. ശരീരം, മനസ്സ്,ധനം എല്ലാം അങ്ങയുടേതാണ്. കൊടുത്ത വസ്തു ബാബയുടെ സ്വത്താണ് ബാബയുടെ കാര്യത്തിൽ ഉപയോഗിക്കുന്നതിനായി തന്നിരിക്കുന്നത്, നിങ്ങൾ ബാബയ്ക്ക് കൊടുത്ത് കഴിഞ്ഞു, കൊടുത്തതല്ലേ? അത് ഇടയ്ക്ക് തിരിച്ചു എടുക്കാറുണ്ടോ? തിരിച്ചെടുത്താൽ സൂക്ഷിക്കാൻ ഏൽപ്പിച്ചത് കൈക്കലാക്കലാണ്. ചില കുട്ടികൾ ആത്മീയ സംഭാഷണത്തിൽ പറയുന്നു എന്റെ മനസ്സ് അസ്വസ്ഥമാണ്, എങ്ങനെ എന്റെ മനസ്സ് ആയി? എന്റേത് നിന്റേതാക്കി സമർപ്പിച്ചതാണ്, അപ്പോൾ എന്റെ മനസ്സ് എങ്ങനെ വന്നു? നിങ്ങൾ എല്ലാവരും കവിടി പോലും ഇല്ലാതെ ചക്രവർത്തി ആയി,ഇപ്പോൾ നിങ്ങൾക്ക് ഒന്നും സ്വന്തമായി ഇല്ല എന്നാലും ചക്രവർത്തി ആയി .എങ്ങനെ? ബാപ്ദാദയുടെ ഖജനാവുകൾ എല്ലാം നിങ്ങളുടെ ഖജനാവായി, അപ്പോൾ ചക്രവർത്തി ആയില്ലേ! പരമാത്മ ഖജനാവ് കുട്ടികളുടെ ഖജനാവാണ്. ബാപ്ദാദ ഇപ്പോൾ പ്രതിജ്ഞ ഓർമ്മിപ്പിക്കുകയാണ്.നിന്റേതിനെ എന്റേത് ആക്കരുത്. ബാബ പറയുന്നു ബാബ നിങ്ങൾ എല്ലാവരെയും പരമാത്മ ഖജനാവുകളാൽ സമ്പന്നമാക്കിയപ്പോൾ ഉത്തരവാദിത്വവും ബാബ ഏറ്റെടുത്തു,ഏത് വാക്കിലൂടെ? നിങ്ങൾ എന്നെ ഓർമ്മിക്കുമ്പോൾ സർവ്വ ഖജനാവുകൾക്കും അധികാരിയാകും. ഓർമ്മിക്കുക മാത്രം ചെയ്യൂ.നിങ്ങൾ പറഞ്ഞതാണ് ഞങ്ങൾ അങ്ങയുടേതാണ് അങ്ങ് ഞങ്ങളുടേതാണ്. ഇതല്ലേ പ്രതിജ്ഞ! ബാബയും പറയുകയാണ് ഖജനാവുകൾ സദാ സ്വയത്തിനും സർവ്വർക്കും വേണ്ടി കാര്യത്തിൽ ഉപയോഗിക്കൂ. കാര്യത്തിൽ ഉപയോഗിക്കുന്ന അത്രയും ഖജനാവ് വർദ്ധിച്ചുകൊണ്ടിരിക്കും. സർവ്വ ശക്തികളുടെയും ഖജനാവ്, സർവശക്തികളെയും കാര്യത്തിൽ ഉപയോഗിക്കൂ. ഞാൻ സർവശക്തിവനാണെന്ന ജ്ഞാനം ബുദ്ധിയിൽ മാത്രം വയ്ക്കാതെ സർവ്വ ശക്തികളും സമയമനുസരിച്ചു കാര്യത്തിൽ ഉപയോഗിക്കൂ സേവനത്തിൽ ഉപയോഗിക്കൂ.

രണ്ടു ശക്തികൾ സദാ ഓർമ്മ ഉണ്ടെങ്കിൽ സമയത്തിന് കാര്യത്തിൽ ഉപയോഗിക്കുകയാണെങ്കിൽ സദാ നിർവിഘ്നരായിരിക്കാം ഇതാണ് ബാപ്ദാദ കൂടുതൽ കുട്ടികളുടെയും കണക്ക് നോക്കിയപ്പോൾ കണ്ടത്. വിഘ്നത്തിനു നിങ്ങളുടെ മുന്നിലേക്ക് വരാനുള്ള ശക്തി ഇല്ല, ഇത് ബാപ്ദാദയുടെ ഉറപ്പാണ്. സർവ്വ ശക്തികളും ആവശ്യമാണ്, കൂടുതലായും സഹനശക്തിയും തിരിച്ചറിവിന്റെ ശക്തിയുമാണ് വേണ്ടത്, തിരിച്ചറിവ് ഉണ്ടെങ്കിലും ഇത് പ്രാക്ടിക്കലായി സ്വരൂപത്തിൽ കൊണ്ടുവരുന്നതിൽ ശ്രദ്ധ കുറവാണ്, അതിനാൽ തിരിച്ചറിവ് വരുമ്പോൾ ചലനവും മുഖവും മാറുന്നു. വളരെ നല്ല ഉത്സാഹത്തിൽ വരുന്നു, ശരിയാണ് തിരിച്ചറിവ് വന്നു പിന്നീട് എന്താണ് സംഭവിക്കുന്നത്? എല്ലാവരും അനുഭവികളാണല്ലോ ! പിന്നീട് എന്താണ് സംഭവിക്കുന്നത്? നിരന്തരം അത് സ്വരൂപത്തിൽ കൊണ്ട് വരുന്നതിലാണ് കുറവ് ഉണ്ടാകുന്നത്,ഇവിടെ സ്വരൂപമാകണം. ബുദ്ധി കൊണ്ട് മാത്രം മനസിലാക്കുന്നത് വേറെയാണ്, അത് സ്വരൂപത്തിൽ കൊണ്ട് വരേണ്ടത് ആവശ്യമാണ്. ഇടയ്ക്കൊക്കെ ബാപ്ദാദയ്ക്ക് പല കുട്ടികളോടും ദയവ് തോന്നി, കുട്ടികൾക്ക് പരിശ്രമിക്കാൻ സാധിക്കുന്നില്ല കുട്ടികൾക്ക് പകരം ബാബ തന്നെ ചെയ്യാം എന്നാണ് ബാപ്ദാദ കരുതുന്നത്. എന്നാൽ ഡ്രാമയിലെ രഹസ്യമാണ് ചെയ്യുന്നവർ നേടും അതുകാരണം ബാപ്ദാദ സഹയോഗം തരും കുട്ടികൾ തന്നെയാണ് ചെയ്യേണ്ടത്.

ഇന്ന് ബാപ്ദാദ കണ്ടു കുട്ടികൾ വളരെ നല്ല നല്ല സങ്കല്പം എടുക്കുന്നുണ്ട്. അമൃതവേളയിൽ ബാപ്ദാദയുടെ അടുത്ത് നല്ല നല്ല സങ്കല്പങ്ങളുടെ ധാരാളം മാലകൾ വരുന്നുണ്ട്. ഇത് ചെയ്യും, ഇത് ചെയ്യും,ഇത്ചെയ്യും...., ബാപ്ദാദയ്ക്കും സന്തോഷമാണ്, ആഹാ കുട്ടികളെ ആഹാ! പിന്നീട് ചെയ്യുന്നതിൽ കുറവ് വരുന്നത് എന്ത്കൊണ്ടാണ്? ഇതിന്റെ കാരണമായി കണ്ടത് ബ്രാഹ്മണ പരിവാരത്തിലെ സംഘടനയുടെ വായുമണ്ഡലമാണ് . എവിടെയെല്ലാം വായുമണ്ഡലം ദുർബലമാകുന്നുവോ അവിടെ പെട്ടെന്ന് പ്രഭാവം ഉണ്ടാകുന്നു. പിന്നീട് അവരുടെ ഭാഷ എന്തായിരിക്കും? ഭാഷ വളരെ മധുരമുള്ളതായിരിക്കും, ഭാഷ ഇങ്ങനെയായാണ്, കുഴപ്പമില്ല, ഇത് ഉണ്ടാകും... ഇങ്ങനെയുള്ള സമയത്ത് എന്ത് സങ്കല്പം ചെയ്യണം! ഇത് നടക്കും, സാരമില്ല....ഇത് അലസത കൊണ്ട് വരുന്നു അങ്ങനെയുള്ള സമയത്ത് ഈ ഭാഷയെ പരിവർത്തനം ചെയ്യൂ,ചിന്തിച്ചു നോക്കൂ ബാബയുടെ ആജ്ഞ എന്താണ്? ബാബയ്ക്ക് ഏത് കാര്യമാണ് ഇഷ്ടം?ബാബ ഇതാണോ പറഞ്ഞത്? ചെയ്തോ? ബാബയെ ഓർമ്മിച്ചാൽ അലസത സമാപ്തമാകും, ഉന്മേഷവും ഉത്സാഹവും വരും. പല പ്രകാരത്തിലാണ് അലസത വരുന്നത്. നിങ്ങൾ എല്ലാവരും ചേർന്ന് ക്ലാസ് എടുത്ത് ലിസ്റ്റ് ഉണ്ടാക്കണം സാധാരണ അലസതയും റോയൽ അലസതയും. അലസത സങ്കല്പത്തിൽ ദൃഢത കൊണ്ട് വരാൻ സമ്മതിക്കില്ല. ദൃഢതയാണ് സഫലതയുടെ ആധാരം അതിനാൽ സങ്കല്പം മാത്രമായി തീരുന്നു സ്വരൂപത്തിൽ വരുന്നില്ല.

ഇന്ന് എന്താണ് കേട്ടത്? പ്രതിജ്ഞ ഓർമ്മിപ്പിച്ചില്ലേ! ഇത്രയ്ക്ക് നല്ല പ്രതിജ്ഞയാണ് ചെയ്യുന്നത്, പ്രതിജ്ഞ കേട്ട് ബാപ്ദാദയും സന്തോഷിക്കുന്നു. പ്രതിജ്ഞ എത്രയാണോ ചെയ്യുന്നത് അത്രയ്ക്ക് നേട്ടം ഉണ്ടാക്കുന്നില്ല. ബാപ്ദാദയും ഇതാണ് ആഗ്രഹിക്കുന്നത്, ചോദിക്കാറുണ്ട് ബാപ്ദാദ എന്താണ് ആഗ്രഹിക്കുന്നത്?

ബാപ്ദാദയുടെ ആഗ്രഹം ഇതാണ് **സമയത്തിന് മുൻപ് എവർ റെഡി ആകണം. സമയം നിങ്ങളുടെ മാസ്റ്റർ ആകരുത്.നിങ്ങളാണ് സമയത്തിന്റെ മാസ്റ്റർ,അതിനാൽ ബാപ്ദാദയുടെ ആഗ്രഹം ഇതാണ് സമയത്തിന് മുൻപ് സമ്പന്നമായി ബാബയുടെ കൂടെ കുട്ടികളും വിശ്വത്തിന്റെ സ്റ്റേജിൽ പ്രത്യക്ഷമാകണം**. ശരി.

പുതിയ കുട്ടികൾ ആരാണോ വന്നിരിക്കുന്നത് അവർ കൈ ഉയർത്തൂ. വലിയ കൈ ഉയർത്തൂ, ഉയരത്തിൽ. ശരി ബാപ്ദാദയ്ക്ക് പുതിയ കുട്ടികളെ കാണുമ്പോൾ സന്തോഷമാണ് ഭാഗ്യവാന്മാരായ കുട്ടികൾ തന്റെ ഭാഗ്യം ഉണ്ടാക്കുന്നതിനു വന്നതാണ്. ആശംസകൾ. ഇപ്പോൾ വന്ന പുതിയ കുട്ടികളിൽ ആരെല്ലാം അത്ഭുതം ചെയ്യും? വൈകി വന്നതാണ് എന്നിട്ടും മുന്നിൽ പോകണം. എല്ലാ റിസൾട്ടും ബാപ്ദാദയ്ക്ക് ലഭിക്കും. ശരി.

**ഡബിൾ വിദേശികളോട്** നല്ലതാണ്. ഡബിൾ വിദേശികൾ സ്വയത്തിലും സേവനത്തിലും വളരെ നല്ല ശ്രദ്ധ കൊടുക്കുന്നുണ്ട്. എന്നാൽ ഇതിൽ ഒരു അടയാളം ചേർക്കണം. അടിവര ഇടണം. പരിവർത്തനത്തിനുള്ള ഏത് സങ്കല്പമാണോ എടുത്തത്, നല്ല ഉൻമേഷത്തോടെ ഉത്സാഹത്തോടെ ധൈര്യത്തോടെ എടുക്കുന്നു,അത് ചെയ്യുക തന്നെ വേണം എന്ന് അടിവരയിടണം. ബാപ്ദാദയും സന്തോഷത്തിലാണ്,വൃദ്ധി ഉണ്ടാകുന്നുണ്ട് സ്വയത്തിലും സേവനത്തിലും ശ്രദ്ധ ഉണ്ട്. പക്ഷെ മുഴുവൻ ടെൻഷൻ മാറിയില്ല, ശ്രദ്ധ ഉണ്ട് ഇടയ്ക്ക് കുറച്ച് ടെൻഷനും ഉണ്ട്, ഇതിനെ സമാപ്തമാക്കണം. നല്ല ധൈര്യമാണ്. ധൈര്യത്തിന് ആശംസകൾ ഉണ്ട്, ബാബയും ഇവിടെ ഇരിക്കുന്നവർ എല്ലാവരും നിങ്ങളുടെ ധൈര്യത്തിന് ആശംസ തരുകയാണ്. കൈ അടിക്കൂ.ശരി.

നിങ്ങൾ ഇവിടെ ഇരിക്കുന്നവരാണ് എന്നാൽ ബാപ്ദാദയ്ക്ക് ദൂരെ ഇരിക്കുന്ന അനേകം കുട്ടികളുടെയും സ്നേഹ സ്മരണകൾ കിട്ടി ബാപ്ദാദയും ഓരോ കുട്ടിയെയും കണ്ണുകളിൽ നിറച്ച് ഹൃദയത്തിൽ നിന്ന് വളരെയധികം ആശിർവ്വാദം തരുന്നു. ഭാരതത്തിലെയും വിദേശത്തെയും അനേകം കുട്ടികളുടെ ഓർമ്മ കിട്ടുന്നുണ്ട്, കത്തുകൾ കിട്ടുന്നുണ്ട്, ഇമെയിൽ വരുന്നുണ്ട്, എല്ലാം ബാബയുടെ അടുത്തെത്തി. ശരി.

ബാപ്ദാദ ഒരു സെക്കന്റിൽ അശരീരി ഭവയുടെ ഡ്രിൽ കാണാൻ ആഗ്രഹിക്കുന്നു, അന്തിമത്തിൽ പാസ് ആകണമെങ്കിൽ ഈ ഡ്രിൽ വളരെ ആവശ്യമാണ്. ഇപ്പോൾ ഇത്രയും വലിയ സഭയിൽ ഇരുന്ന് ഒരു സെക്കൻഡിൽ ദേഹബോധത്തിൽ നിന്ന് ഉപരിയായിരിക്കുന്ന സ്ഥിതിയിൽ സ്ഥിതി ചെയ്യൂ. ആകർഷണങ്ങൾ ഒന്നും ആകർഷിക്കരുത്.( ഡ്രിൽ ) ശരി.

നാനാഭാഗത്തുമുള്ള തീവ്ര പുരുഷാർത്ഥികളായ കുട്ടികൾക്ക്, സദാ സ്വ പരിവർത്തനത്തിന്റെയും വിശ്വ പരിവർത്തനത്തിന്റെയും സേവനത്തിൽ തത്പരരായിരിക്കുന്ന വിശേഷ ആത്മാക്കൾക്ക്, സദാ ബ്രഹ്മബാബയ്ക്ക് സമാനം കർമ്മയോഗി, കർമ്മത്തിന്റെയും കർമ്മേന്ദ്രിയങ്ങളുടെയും ആകർഷണത്തിൽ നിന്ന് മുക്തരായ ആത്മാക്കൾക്ക്, സദാ ഓരോ സങ്കല്പത്തിലും വാക്കിലും കർമ്മത്തിലും ദൃഢതയെ സ്വരൂപത്തിൽ കൊണ്ട് വരുന്ന ബാബയുടെ സമീപത്തുള്ളവരും സമാനരുമായ കുട്ടികൾക്ക് ബാപ് ദാദയുടെ ഹൃദയത്തിൽ നിന്നുള്ള ആശീർവ്വാദവും ഹൃദയത്തിലെ സ്നേഹ സ്മരണകളും നമസ്തേയും.

**ദാദിജിയോട്** ആരോഗ്യവതിയായി. ഇപ്പോൾ രോഗം പോയി. മഹാരഥികളോട് വിട വാങ്ങാനാണ് രോഗങ്ങൾ വരുന്നത്. ഉള്ളിന്റെയുള്ളിൽ കർമ്മതീതമാകാനുള്ള അഭ്യാസം ചെയ്യുകയാണ്. ദാദി ജാനകി പറയുകയാണ് (ദാദി നിശ്ചിന്ത ചക്രവർത്തിയാണ്.) താങ്കൾക്ക് ചിന്ത ഉണ്ടോ? താങ്കളും നിശ്ചന്തമാണ്. രണ്ടുപേരും നല്ല പാർട്ടാണ് അഭിനയിക്കുന്നത്. ഏറ്റവും വലിയ ഉത്തരവാദിത്വത്തിന്റെ കിരീടം ധരിക്കുന്ന നിമിത്തമായില്ലേ. ഇവർ എല്ലാവരും കൂട്ടുകാർ ആണ്. നിങ്ങളെ കാണുമ്പോൾ ഉന്മേഷ ഉത്സാഹം ഉണ്ടാകുന്നു. ( ഇപ്പോൾ പുതിയതായി എന്ത് ചെയ്യണം.ബാബ തന്നെ ഏതെങ്കിലും പ്രേരണ തരൂ) ബാപ്ദാദ കേൾപ്പിച്ചതാണ് ഓരോ വിഭാഗത്തിന്റെയും പൂച്ചെണ്ട് തയ്യാറാക്കണം അതിൽ മൈക്ക് വേണം മൈറ്റ് വേണം. സമ്പർക്കത്തിൽ ഉള്ള മൈക്ക് മാത്രമല്ല, സംബന്ധത്തിലും സമീപത്തായിരിക്കണം,അങ്ങനെയുള്ള പൂച്ചെണ്ട് തയ്യാറാക്കണം. ആ ഗ്രൂപ്പ് പിന്നീട് സേവനം ചെയ്യുന്നതിന് നിമിത്തമാകും. അവർ മൈക്ക് ആകും,നിങ്ങൾ മൈറ്റ് ആകണം. അവർ ഉള്ളിൽ നിന്ന് ബാബ എന്ന് പറയണം, അപ്പോൾ പ്രഭാവം ഉണ്ടാകും.അവരെ സംബന്ധത്തിൽ സമീപത്തു കൊണ്ട് വരണം. ഇടയ്ക്കിടയ്ക്ക് ഉണ്ടാകില്ലേ, ലഹരി എങ്കിൽ കുറച്ച് കുറയുന്നു. എവിടെ സംബന്ധ സമ്പർക്കത്തിൽ വരുമ്പോഴും അവിടെ സംബന്ധവും സമ്പർക്കവും ഉണ്ടെങ്കിൽ ശരിയാകും. ശരി.

**വരദാനം :- സദാ ശ്രേഷ്ഠവും പുതിയതുമായ സേവനത്തിലൂടെ വൃദ്ധി ഉണ്ടാക്കുന്ന സഹജ സേവധാരിയായി ഭവിക്കട്ടെ!**

സങ്കല്പത്തിലൂടെ ഈശ്വരീയ സേവനം ചെയ്യുന്നത് സേവനത്തിന്റെ പുതിയതും ശ്രേഷ്ഠവുമായ രീതിയാണ്, രത്നവ്യാപാരി ദിവസവും രാവിലെ തന്റെ ഓരോ രത്നവും ശുദ്ധമാണോ, അതിന്റെ സ്ഥാനത്താണോ വച്ചിട്ടുള്ളത്, തിളക്കം ഉണ്ടോ... എന്നെല്ലാം പരിശോധിക്കുന്നത് പോലെ ദിവസവും അമൃതവേളയിൽ തന്റെ സമ്പർക്കത്തിൽ വരുന്ന ആത്മാക്കളിൽ സങ്കല്പത്തിന്റെ കണ്ണോടിക്കൂ, നിങ്ങൾ അവരെ എത്രമാത്രം സങ്കല്പത്തിൽ ഓർമ്മിക്കുന്നുവോ അത്രയും സങ്കല്പം അവരുടെ അടുത്ത് എത്തും... ഇപ്രകാരം സേവനത്തിന്റെ പുതിയ രീതി സ്വീകരിച്ചു അഭിവൃദ്ധി ഉണ്ടാക്കി കൊണ്ടിരിക്കൂ. നിങ്ങളുടെ സഹജ യോഗത്തിന്റെ സൂക്ഷ്മ ശക്തികൾ ആത്മാക്കളെ നിങ്ങളിലേക്ക് സ്വതവേ ആകർഷിക്കും.

**സ്ലോഗൻ:- ഒഴിവ്കഴിവുകൾ മെർജ് ആക്കി പരിധിയില്ലാത്ത വൈരാഗ്യ വൃത്തി ഇമെർജ് ആക്കൂ.**

**അവ്യക്ത സൂചന:- ആത്മീയ സ്ഥിതിയിൽ ഇരിക്കുന്നതിന്റെ അഭ്യാസം ചെയ്യൂ, അന്തർമുഖി ആകൂ.**
ജ്ഞാനത്തിൽ മനനത്തോടൊപ്പം ശുഭ ഭാവന, ശുഭ കാമനയുടെ സങ്കൽപം, സകാശ് കൊടുക്കുന്നതിന്റെ അഭ്യാസം,ഈ മനസ്സിന്റെ മൗനം അഥവാ ട്രാഫിക് കൺട്രോൾ ദിവസം മുഴുവൻ ഇടയ്ക്കിടയ്ക്ക് നിശ്ചിതപ്പെടുത്തൂ. അന്തർമുഖതയുടെ മുറിയിലിരുന്ന് എത്രത്തോളം ഗവേഷണം ചെയ്യുന്നുവോ അത്രയും ഏറ്റവും നല്ല ടച്ചിങ് ഉണ്ടാകും ആ ടച്ചിങ്ങിലൂടെ അനേക ആത്മാക്കൾക്ക് പ്രയോജനം ഉണ്ടാകും.

**സൂചന:-** ഇന്ന് അന്താരാഷ്ട്ര യോഗത്തിന്റെ ദിവസം, മൂന്നാമത്തെ ഞായറാഴ്ച ആണ്. വൈകു. 6.30 മുതൽ 7.30 വരെ എല്ലാ സഹോദരി സഹോദരന്മാരും ഒരുമിച്ച് യോഗ അഭ്യാസത്തിന്റെ അനുഭവം ചെയ്യണം ഭ്രുകുടിയുടെ സിംഹാസനത്തിൽ വിരാജിതനായ പരമാത്മ ശക്തികളാൽ സമ്പന്നമായ ഞാൻ കർമ്മേന്ദ്രിയ ജീത്ത് ആത്മാവാകുന്നു, വികർമ്മാജിത്ത് ആകുന്നു. മുഴുവൻ കല്പത്തിലും ഹീറോ പാർട്ട് അഭിനയിക്കുന്ന സർവ്വ ശ്രേഷ്ഠ മഹാൻ ആത്മാവാണ് ഞാൻ. മുഴുവൻ ദിവസവും ഈ സ്വമാനത്തിലിരിക്കണം